# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ(പി6)1997/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 24/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ(പി6)1997/2022. തീയ്യതി: 24/12/2022

## തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 09-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷോബി വി പി,ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ വിക്രമൻ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സ്റ്റാൻലി. പി എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുനിത ആർ,സീ.ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| കെ ജെ ദേവസ്സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സീന.കെ.പി | സെക്രട്ടറി ഇൻചാർജ്ജ് | 01-04-2021 | 06-04-2021 |
| ഷിനിൽ.സി.എൻ | സെക്രട്ടറി | 07-04-2021 | 26-06-2021 |
| മിനി വി | സെക്രട്ടറി | 27-06-2021 | 31-03-2022 |
| സീന.കെ.പി | അസി.സെക്രട്ടറി | 01-04-2021 | 19-07-2021 |
| മനോജ് കുമാർ .എ | അസി.സെക്രട്ടറി | 20-07-2021 | 31-03-2022 |
| ശ്രീന.എസ്.എൻ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| അശ്വതി.ഇ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| പാർവ്വതി.സി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ജിഗിമോൾ.പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ബാലകൃഷ്ണൻ.എം.ആർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ചിത്ര ചന്ദ്രശേഖരൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| കാവ്യ.പി.സി | വിഇഒ (കിള്ളാനൂർ) | 01-04-2021 | 31-03-2022 |
| സിബി തോമസ്.പി | വിഇഒ (പൂമല സർക്കിൾ) | 01-04-2021 | 31-03-2022 |
| ഹെന.കെ.കെ | കൃഷി ഓഫീസർ | 01-04-2021 | 17-09-2021 |
| ചിത്ര | കൃഷി ഓഫീസർ | 18-09-2021 | 30-09-2021 |
| അപർണ | കൃഷി ഓഫീസർ | 01-10-2021 | 31-03-2022 |
| മഞ്ജുഷ.ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 07-07-2021 |
| ശ്രീനാഥ് .യു | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-07-2021 | 03-03-2022 |
| ജോമോൾ സി ബേബി | ഫിഷറീസ് ഓഫീസർ | 01-04-2021 | 04-02-2022 |
| ഷിബു കുമാർ | ഫിഷറീസ് ഓഫീസർ | 04-02-2022 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പുപദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 11 | വസ്തുനികുതി-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 12 | വസ്തുനികുതി മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 13 | വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല | 1-10-4 |
| 14 | ലൈബ്രറി സെസ്സ്-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 15 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -ഡിമാന്റ് ഒറ്റത്തവണ | 1-10-6 |
| 16 | മുൻകൂർ ലഭിച്ച തുകകൾ-ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 1-10-7 |
| 17 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-8 |
| 18 | “280000000-Prior Period Item”-വൗച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല | 1-10-9 |
| 19 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല | 1-10-10 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-10-11 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-12 |
| 22 | വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-10-13 |
| 23 | ലോൺ-രജിസ്റ്റർ ഹാജരാക്കിയില്ല | 1-10-14 |
| 24 | വരവ് രജിസ്റ്ററുകൾ- കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-10-15 |
| 25 | റീകൺസീലിയേഷൻ- | 1-10-16 |
| 26 | രശീതി പരിശോധന-അപാകത | 1-11 |

| | | |
|---|---|---|
| 27 | അനധികൃത നിർമ്മാണം രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതാണ് | 1-12 |
| 28 | വിമുക്ത ഭടൻമാർക്കുള്ള നികുതി ഒഴിവ്- സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ് | 1-13 |
| 29 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം | 1-14 |
| 30 | പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 31 | വസ്തു നികുതി-അപാകത | 1-16 |
| 32 | അനധികൃത നിർമ്മാണം -തുടർ നടപടി അറിയിക്കേണ്ടതാണ്. | 1-17 |
| 33 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ-പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ/കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-18 |
| 34 | ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകി | 1-19 |
| 35 | ഗ്രാമ പഞ്ചായത്തിൽ മോഷണം - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-20 |
| 36 | പ്രൊജക്ട് നം. 249/22 – അസറ്റ്/ റോഡ് മാപ്പിങ് പ്രൊജക്ട് പൂർത്തികരിച്ചിട്ടില്ല. | 1-21 |
| 37 | പ്രൊജക്ട്.നം.55/22 : അരങ്ങഴിക്കുളം ലക്ഷം വീട് കോളനി റോഡ് കാനനിർമാണം - കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ഇല്ല. | 1-22 |
| 38 | പ്രൊജക്ട്.നം.239/22 : കൊങ്ങൻപാറ എസ്.സി കോളനി ഡവലപ്പ്മെന്റ് ₹ 28066- കരാറുകാരന് അധികം നൽകി | 1-23 |
| 39 | പ്രൊജക്ട്.നം.30/22 : മാതൃകാ എസ്.സി കോളനി പുനരുദ്ധാരണം | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പ്രൊജ.നം.239/22 : കൊങ്ങൻപാറ എസ്.സി കോളനി ഡവലപ്പ്മെന്റ് ₹ 28066- കരാറുകാരന് അധികം നൽകി | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 19.02.2021 | 1/1 | 120545821.3 | 118964200 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.03.2022 | 3/1 | 172140364.3 | 169741401 |

ബഡ്ജറ്റ് അപാകതകൾ

( Ii ) സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

( Iii ) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 30-07-2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,01,41,956.3 |
| ഓഡിറ്റ് വർഷത്തെ വരവ് | 89085898 |
| ആകെ | 99227854.30 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 89440811 |
| നീക്കിയിരിപ്പ് | 9787043.3 |

### 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ)* | ഇല്ല | 9841599 | 9841599 | 9841599 | 0 |
| 2 | വികസനഫണ്ട് (എസ്.സി.പി)** | ഇല്ല | 4519001 | 4519001 | 4519001 | 0 |
| 3 | വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 74,000 | 74,000 | 0 | 74,000 |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied) | ഇല്ല | 2243144 | 2243144 | 2243144 | 66101 |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | ഇല്ല | 4804963 | 4804963 | 4804963 | 15280 |

| | | | | | | |
|---|---|---|---|---|---|---|
| 6 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ഇല്ല | 17870000 | 17870000 | 17870000 | 0 |
| 7 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ഇല്ല | 4870979 | 4870979 | 4853319 | 17660 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 230 | 70636932 | 215 | 57911811 | 15 | 0 | 93.4 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11357 | 766659 | 778016 | 778008 | 8 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15868082 | 15868082 | 15868082 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3221800 | 199 |
| വിധവാ പെൻഷൻ | 14309700 | 937 |
| വാർദ്ധക്യകാലപെൻഷൻ | 25657000 | 1851 |
| വികലാംഗപെൻഷൻ | 3578000 | 237 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1805200 | 117 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.11.2022 തീയതിയിൽ 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4067/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

എന്നാൽ ഡേ ബുക്ക് പ്രകാരം 4067/- രൂപയാണ് വരവ് വന്നതെങ്കിലും അതേ സമയത്തെ ക്യാഷ് ബുക്ക് പ്രകാരം 10303/-രൂപ അധികരിച്ച നിൽക്കുന്നു. ഇത്തരത്തിലുള്ള പൊരുത്തക്കേട് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 5 തീയതി: 15.11.22) താഴെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

23.6.2021 കളക്ഷൻ 5054 രൂപയും 24.6.2021 ലെ കളക്ഷൻ 5249 രൂപയും മോഷണത്തിൽ നഷ്ടപ്പെട്ടതായും ടി വിവരം പോലീസിനെ അറിയിക്കുകയും ആയതിന്റെ അന്വേഷണം നടന്നു വരുകയും ചെയ്യുന്നുണ്ടെന്നും ആയതിനാലാണ് ക്യാഷ് ബുക്കിൽ 10303/-രൂപ അധികരിച്ചുകാണുന്നതെന്നും അറിയിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 24-6-21 ന് മോഷണം നടന്നിരുന്ന ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഏകദേശം രണ്ടു വർഷം മുമ്പും മോഷണ ശ്രമം നടന്നിരുന്നതായി ഗ്രാമ പഞ്ചായത്തതികൃതർ അറിയിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. ഓഡിറ്റ് കാലയളവിലെ മോഷണത്തെ തുടർന്ന് കാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന ₹ 11088- ജനകീയ ഹോട്ടലിൽ നിന്നും ₹ 400- എന്നിങ്ങനെ മോഷണം മൂലം നഷ്ടപ്പെട്ടതായാണ്ഓഡിറ്റ് എൻക്വയറി നം.5 ന് മറുപടി നൽകുകയുണ്ടായത്. ഫയൽ പരിശോധനയിലും ഇതു തന്നെയാണ് കണ്ടത്. എന്നാൽ രേഖകൾ ഉൾപ്പടെ മറ്റെന്തെങ്കിലും മോഷണശ്രമത്തിനിടെ നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുള്ളതായി കാണുന്നില്ല. പോലീസിൽ രേഖാമൂലം പരാതി നല്കിയത്/എഫ്. ഐ.ആർ എന്നിവയുടെ പകർപ്പുകൾ, പോലീസ് വകുപ്പുമായി നടത്തിയ കത്തിടപാടുകൾ എന്നി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. മോഷണം/ നഷ്ടം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഡയറക്ടർക്ക് പ്രാഥമിക റിപ്പോർട്ട് തുടർന്ന് വിശദമായ റിപ്പോർട്ട് എന്നിവയും നൽകിക്കാണുന്നില്ല.

## 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-10-2 വസ്തുനികുതി-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2225268 | 2194055 | 32510 | 2079 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2225268 | 2190679 | 32510 | *2087 |
| | (ഇൻകം &എക്സ്പെൻഡിച്ചർ | (റസീറ്റ് & പേയ്മെന്റ് | (350410101- Advance | *(2192 /105X100)= |

| | | | | |
|---|---|---|---|---|
| | അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | 2087 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2363592 | 2217068 | 13118 | 133503 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2363592 | 2216971 | 13118 | *133510 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(140186 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5829 | 5844 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *5848 | 5829 | **0 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (6141/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 783393 | 122680 | 660736 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 787975 | 122657 | 660801 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, | **(693842/105X100)=660801 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി |

| | | | |
|---|---|---|---|
| | *(239990+.587384 =827374/105*100) | ഷെഡ്യൂൾ ആർ.പി-43) | പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3 "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തുനികുതി മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 254715 | 294670 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 100042 | 119570 |

## 1-10-4 വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ 199പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-5 ലൈബ്രറി സെസ്സ്-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

1.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 229965 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 272134 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട തുകയുമല്ല, മറിച്ച് 270496 രൂപയാണ്.

2.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 836220രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 39820 (836220/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 39902രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-6 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -ഡിമാന്റ് ഒറ്റത്തവണ

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (11 കെട്ടിടങ്ങൾ) | 130100101-Rent From Building | 448682 | 1.4.21 | 42100383 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-7 മുൻകൂർ ലഭിച്ച തുകകൾ-ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 165670 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 126550 |
| 3 | ഡി &ഒ | 350410302-Advance Collection Of Revenues-Licence Fees Under Prevention Of Food Adulteration Act | 24350 |

| | | | |
|---|---|---|---|
| 4 | വാടക | 350410401-Advance Collection Of Revenues-Rent From Buildings | 66929 |

### 1-10-8 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-10-9 "280000000-Prior Period Item"-വൗച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 18 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 6011 |
| 280200102-Prior Period Income-Profession Tax -Institutions/traders | (7950) |
| 280200401-Prior Period Income-Other Income | 374 |
| 280100105-Prior Period-income Service Cess On Residential Buildings | (10) |
| 280100106-Prior Period-income Service Cess On Non-residential Buildings | (4736) |
| 280800501-Prior Period- Programme Expenses | (1487013) |
| 280200201-Prior Period-license Fees | (200) |

### 1-10-10 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-11 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-12 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 354913രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 36183രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-13 വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും താഴെ ചേർക്കുന്ന ഇനങ്ങളിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം (RP -31) |
|---|---|---|
| 320200111-Development Fund CFC Grant - Tied | 478968 | 1613000 |
| 320200112-Development Fund CFC Grant - UnTied | 2177043 | 1095288 |

## 1-10-14 ലോൺ-രജിസ്റ്റർ ഹാജരാക്കിയില്ല

330500102 Secured Loans-Loan From HUDCO - രജിസ്റ്റർ ഹാജരാക്കിയില്ല.

## 1-10-15 വരവ് രജിസ്റ്ററുകൾ- കൃത്യമായി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

2ലൈസൻസ് രജിസ്റ്റർ

3 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-16 റീകൺസീലിയേഷൻ-

1.താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ബാങ്ക് | (Schedule B17 -)തുക |
|---|---|---|
| 1 | 450250102 Treasury Own Fund | 47578 |
| 2 | 450250110 TSB Own Fund | 12000 |

2. ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം ( Canara Bank 33161 NB A/C) 4000രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. Vr No.117020400001/ Date 5.4.2017. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3. ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 28513 രൂപ "Cheque Issued But Not Presented Into Bank" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. തുക ചെലവു ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| Bank | Voucher No / Date | Amount |
|---|---|---|

| | | |
|---|---|---|
| Canara Bank 33161 NB A/C | 22000202/16.6.20 | 3500 |
| | 22000834/13.1.21 | 1367 |
| | 21900032/ 12.4.19 | 840 |
| TSCB (30295) | 22001052/24.3.21 | 1000 |
| | 31700441/31.3.18 | 21806 |
| | Total | 28513 |

## 1-11 രശീതി പരിശോധന-അപാകത

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, 2011, ചട്ടം 16 പ്രകാരം നിർവഹണോദ്യോഗസ്ഥർ കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽപഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് (14.10.22ന് ) നൽകിയ രസീത് ബുക്ക് ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക ദിവസങ്ങൾക്കു ശേഷമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതി ബുക്ക് നമ്പർ | രസീതി നമ്പർ | തുക | തുക ഈടാക്കിയ തീയതി | തുക അടവാക്കിയ തീയതി/രസീതി നമ്പർ |
|---|---|---|---|---|
| 5723 | 1 | 6250 | 21.10.22 | 27.10.22 /1220101973 |
| 5723 | 2 | 6250 | 21.10.22 | |
| | ആകെ | 12500 | | |

നിർവഹണോദ്യോഗസ്ഥർ കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-12 അനധികൃത നിർമ്മാണം രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതാണ്

2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 95(3) പ്രകാരം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix G2 Form ൽ രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. 2021-22ൽ പഞ്ചായത്ത് പരിധിയിൽ നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി നടത്തേണ്ടതാണ്.

## 1-13 വിമുക്ത ഭടൻമാർക്കുള്ള നികുതി ഒഴിവ്- സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. സഞ്ചയയിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 66 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ 45 സാക്ഷ്യപത്രങ്ങളാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം ഏതൊരു വ്യാപാര സ്ഥാപനവും ആരംഭിക്കുന്നതിന് മുൻപ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഒരോ വർഷവും പുതുക്കേണ്ടതുമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 ൽ 285 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കെട്ടിടവിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 884 കെട്ടിടങ്ങൾക്ക് വ്യാപാര ആവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി ( 13/16.11.22) നൽകിയതിനെ തുടർന്ന് ഹാജരാക്കിയ

വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള 285 സ്ഥാപനങ്ങൾ തന്നെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

വാർഡ് തലത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും ലൈസൻസ് ഉറപ്പാക്കേണ്ടതുമാണ്.

## 1-15 പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

എ) റേഷൻ കടകൾ, കള്ളുഷാപ്പുകൾ , ക്ഷീര സഹകരണ സംഘങ്ങൾ

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ,ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ്, 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ മുതലായവക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. .

2021-22വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ റേഷൻ കടകൾ, കള്ളുഷാപ്പുകൾ ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഓഡിറ്റ് എൻക്വയറിക്ക് (നം. 4/15.11.22 ) മറുപടി നൽകിയതിൽ 1ക്ഷീര സഹകരണ സംഘം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് എന്നറിയിച്ചു. മാത്രമല്ല ഈ സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും നിയമപ്രകാരം നോട്ടീസ് നൽകി ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ബി) ഓഡിറ്റോറിയം -ലൈസൻസ് ഇല്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവേ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് ഇല്ല. ഇവയിൽ നിന്നും വരുമാനത്തിനനുസൃതമായി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സി )കടമുറികൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് ഒരോ വർഷവും പുതുക്കേണ്ടതുമാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന താഴെ പറയുന്ന കടമുറികൾ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിരുന്നത് .

| ക്രമ നമ്പർ | കെട്ടിട നമ്പർ | കരാറുകാരന്റെ പേര് |
|---|---|---|
| 1. | 13-193 | ഷൈജു,<br>പുളിനാംപറമ്പിൽ വീട് |
| 2. | 13-196 | ജിജി ജോർജ്,<br>ചിറമ്മൽ വീട് |
| 3. | 13-188 | ഹെമിൻ ജോസഫ്,<br>ആലപ്പാട് വീട് |
| 4. | 13-189 | ഹെമിൻ ജോസഫ്,<br>ആലപ്പാട് വീട് |
| 5. | 13-191 | രാജിത,<br>കൈതാരത് വീട് |
| 6. | 13-192 | സുധീർ,<br>മുന്നയൂർ വളപ്പിൽ വീട് |

| | | |
|---|---|---|
| 7 | 13-195 | പ്രകാശ്, ചിറ്റിലപ്പിള്ളി |
| 8 | 13-190 | സതീഷ്, വെളുത്തേടത്ത് |

ഓഡിറ്റ് എൻക്വയറി (നം. 4/15.11.22) നൽകിയതിനെ തുടർന്ന് കെട്ടിട നമ്പർ 13-188,13-195,13-195 എന്നിവ ഒഴികെയുള്ളവരിൽ നിന്നും ലൈസൻ ഫീ ഈടാക്കി. കെട്ടിട നമ്പർ 13-188, 13-195, 13-195 എന്നിവ പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ ലൈസൻ ഫീ ഈടാക്കിയിട്ടില്ല എന്നറിയിച്ചു.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി-അപാകത

സുദേവൻ &ജ്യോതി ലക്ഷ്മി എന്നവരുടെ ഉടമസ്ഥതയിലുള്ള 126.54 M2 വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള ഒരേ കെട്ടിടത്തിലെ 4 മുറികൾക്ക് വ്യത്യസ്തമായി അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ച് വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. കെട്ടിട നമ്പർ 2/556 A, 2/556 B,2/556 C എന്നിവക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 40 രൂപയും കെട്ടിട നമ്പർ 2/556 D ന് അടിസ്ഥാന വസ്തു നികുതി നിരക്ക് 60 രൂപയും കണക്കാക്കിയാണ് നികുതി നിർണയിച്ചിരിക്കുന്നത് .
സഞ്ചയയിൽ ഉപയോഗക്രമം രേഖപ്പെടുത്തിയതിൽ വ്യത്യാസം വന്നതിനാലാണ് അപാകത സംഭവിച്ചതെന്നും ഓഡിറ്റ് എൻക്വയറി നൽകിയ തിനെ തുടർന്ന് (17/17.11.22) പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചു.
ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് സഞ്ചയയിൽമാറ്റം വരുത്തേണ്ടതും വസ്തു നികുതി പുനർ നിർണയിച്ച് ആയതു പ്രകാരം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-17 അനധികൃത നിർമ്മാണം -തുടർ നടപടി അറിയിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തിയ അനധികൃത നിർമ്മാണങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235(4) പ്രകാരം താഴെ പറയുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ 17.2.21 ലെ(തീരുമാനം 4) പഞ്ചായത്ത് കമ്മിറ്റി യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
1) ശ്രീ. ഫിജോഷ്, തൈക്കാടൻ വീട്, അത്താണി- കെട്ടിട നം2/638,639
2) ശ്രീ. സെബാസ്റ്റ്യൻ, ശ്രീ. ജോസഫ്, ശ്രീ. ലിയോൺ, വാളപ്പിള്ളി വീട്, നെല്ലിക്കുന്ന്-
കെട്ടിട നം 2/80,81,82
3) ശ്രീ. ചാർളി. &ശ്രീ. ജോളി, ചെമ്മണ്ണൂർ വീട്, തിരുർ- കെട്ടിട നം12/42,43,44
മേൽ കമ്മിറ്റി തീരുമാനം പ്രകാരം സ്വീകരിച്ച നടപടി അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:7, തീയതി :15.11.22) മറുപടിയിൽ ശ്രീ. ഫിജോഷ്, ശ്രീ. സെബാസ്റ്റ്യൻ എന്നിവർക്ക് അനധികൃത ഭാഗം പൊളിച്ചു നീക്കുന്നതിന് അന്തിമ ഉത്തരവു നൽകിയിട്ടുണ്ടെന്നും ഇതനുസരിച്ച് അനധികൃത ഭാഗം പൊളിച്ച് നീക്കി ബാക്കി വരുന്ന കെട്ടിട ഭാഗം റെഗുലറൈസ് ചെയ്യുന്നതിന് സമയം നീട്ടി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. ശ്രീ. ചാർളി. &ശ്രീ. ജോളി എന്നവർ റഗുലറൈസ് ചെയ്ത് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നറിയിച്ചു .
ആയതിൻെ തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-18 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ-പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ/കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ-പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ/കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേരുവിവരം | ഫണ്ട് വിവരം | വൗച്ചർ നം | തുക | നിർവ്വഹണ ഏജൻസി | ഓഡിറ്റിന് ആവശ്യമായ രേഖകൾ |
|---|---|---|---|---|---|---|
| 1 | 01/2022 IKM വിഹിതം നൽകൽ | വികസനഫണ്ട്-പൊ.സാ.വി. | 22100822/20.7.21 | 53763 | IKM | വിനി യോഗ സാക്ഷ്യ പത്രം |
| 2 | 156/2022 | ധനകാര്യ | 22101117/ | 30282 | KSEB | വിനി |

| | | | | | | |
|---|---|---|---|---|---|---|
| | ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | കമ്മീഷൻ ഗ്രാന്റ് | 7.03.22 | | | യോഗ സാക്ഷ്യ പത്രം,കരാർ പത്രം ഫയലിൽ ഉണ്ടെങ്കി ല്ലും കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 3 | 241/2022 ഗ്രാമല കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101143/20.3.22 | 114000 | ഭൂജല വകുപ്പ് | വിനിയോഗ സാക്ഷ്യപത്രം |
| 4 | 220/2022 ശങ്കരൻചിറ കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101173/21.3.22 | 110000 | ഭൂജല വകുപ്പ് | വിനിയോഗ സാക്ഷ്യപത്രം |
| 5 | 255/2022 തളിയൻപാറ കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101431/23.3.22 | 289300 | കേരള വാട്ടർ അതോ റിറ്റി | വിനിയോഗ സാക്ഷ്യപത്രം |
| 6 | 160/2022 അത്തേക്കാട് കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101433/06.01. 22 | 100000 | ഭൂജല വകുപ്പ് | വിനിയോഗ സാക്ഷ്യപത്രം |
| 7 | 159/2022 കയ്യങ്ങാടി കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101434/06.01.22 | 98210 | ഭൂജല വകുപ്പ് | വിനിയോഗ സാക്ഷ്യപത്രം |
| 8 | 157/2022 വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101425/6.1.2022<br>22101424/6.01.22<br>22101423/25.3.22 | 14900<br>200000<br>153079 | ഭൂജല വകുപ്പ് | വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| | 155/2022 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101041/8.2.22 | 89739 | KSEB | വിനിയോഗ സാക്ഷ്യപത്രം |
| 9 | 32/2022 കാൻ തൃശ്ശൂർ | വികസനഫണ്ട്-ജനറൽ | 22101207/20.01.22 | 50000 | തൃശ്ശൂർ ജില്ല പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം |
| 10 | 281/22 കേരള വാട്ടർ അതോറിറ്റി വെള്ളക്കരം അടവാക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101196/25.03.22 | 452100 | കെ.ഡബ്ല്യു .എ | കൈപ്പറ്റ് രസീത് |
| 11 | 22/2022 പി.എം. എ വൈ വിഹിതം നൽകൽ | വികസനഫണ്ട്-ജനറൽ | 22101270/03.03.22<br>22101208/20.01.22 | 70000<br>70000 | പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 12 | 235/2022 പി.എം. എ വൈ വിഹിതം നൽകൽ-പട്ടികജാതി | വികസനഫണ്ട്-എസ്.സി.പി | 22101269/03.03. 22 | 140000 | പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 13 | 277/2022 | ധനകാര്യ | 22101307/29.03. | 140000 | മെഡി- | 14വാർഡുകൾക്ക് |

| | | | | | | |
|---|---|---|---|---|---|---|
| | വിവിധ വാർഡുകളിലെ പൊതു ഇടങ്ങൾ മാലിന്യവിമുക്തമാക്കി ക്ലീൻ കേരള കമ്പനിക്ക് കൈമാറൽ | കമ്മീഷൻ ഗ്രാന്റ് | 22 | (തടസ്സം80000 രൂപ) | ക്കൽ ഓഫീസർ | 10000രൂപ വീതം സാനിറ്റേഷൻ കമ്മിറ്റിക്ക നൽകുന്നതിനായി മെഡിക്കൽ ഓഫീസർക്ക് കൈമാറി. ഇതിൽ2,5,6,8,10,14 വാർഡുകളിലെ വിനിയോഗവിവരം ലഭ്യമാക്കി.1,3,4,7, 9,11,12,13 വാർഡു കളിലെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| 14 | 109/2022 പഞ്ചായത്ത് ഓഫീസിൽ സോളാർസിസ്റ്റം സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22101042/9.02.22 | 486200 | അനെർട്ട് | ടി പദ്ധതിയുടെ പൂർത്തീ കരണ, വിനിയോഗവിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| | ആകെതുക | | | 2601573 | | |

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കും വരെ ചെലവ് തുക (2601573) താത്ക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി14/17.11.22)

## 1-19 ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകി

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൗച്ചർ നമ്പർ/തീയ്യതി | തുക അടച്ചത് |
|---|---|---|---|
| 170/22 - ശുചി പൂർണ്ണ പദ്ധതി- പൊതു സ്ഥാലങ്ങളുടെ സൗന്ദര്യവത്ക്കര ണവും ഓപ്പൺ ജിം സൗകര്യം ഒരുക്കലും | 283000 | 22101293/30.3.2022 | പഞ്ചായത്ത് ഓഫീസിന് മുൻവശം സൗന്ദര്യവത്ക്കരിക്കുന്നതിന്റെ ഭാഗമായി "പാരഡൈസ് നഴ്സറി, മാടക്കത്തറ" എന്ന സ്ഥാപനത്തിൽ നിന്നും325 അലങ്കാര ചെടിച്ചട്ടികൾ ചെടികൾ ഉൾപ്പെടെ വാങ്ങി സ്ഥാപിച്ചതിന് ചെലവഴിച്ച തുക.ടി സ്ഥാപനം ജി എസ് ടി ഇൻവോയ്സ് നല്കിയിട്ടില്ല. |

സർക്കുലർ നമ്പർ 18/19 ധനം തീയ്യതി 1.3.19 ഖണ്ഡിക 4 പ്രകാരം ജിഎസ് ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്റ്റ്രേഷൻ ഉള്ളവർ സാധനങ്ങൾ അഥവാ സേവനങ്ങൾ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ജിഎസ് ടി നമ്പർ വ്യക്തമാക്കാത്ത, സാധനങ്ങളുടെ നികുതി നിരക്ക് വ്യക്തമാക്കാത്ത, ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണോദ്യഗസ്ഥൻ "പാരഡൈസ് നഴ്സറി, മാടക്കത്തറ" എന്ന സപ്ലെയർക്ക് തുക നല്കിയിട്ടുള്ളത്. ജിഎസ് ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുംവരെ തുക 283000/-തടസ്സത്തിൽ വയ്ക്കുന്നു.

പഞ്ചായത്ത് ഓഫീസിന് മുൻവശം സൗന്ദര്യവത്ക്കരിക്കുന്നതിന്റെ ഭാഗമായി മേൽപ്രകാരം ചെടികൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ആവശ്യമായ പരിചരണം നൽകാത്തതിനാൽ കാടുപിടിച്ച അവസ്ഥയിലാണ് കാണുന്നത്.ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ തുടർപരിപാലന നടപടികൾ ആവിഷ്ക്കരിക്കേണ്ടത് അനിവാര്യമാണ്.ഈ വിഷയത്തിൽ നടപടികൾ

സ്വീകരിക്കേണ്ടതാണ്.ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിലൂടെ സംഭവിക്കുന്ന പദ്ധതി പണത്തിന്റെ ദുർവിനിയോഗം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 17/17.11.22

## 1-20 ഗ്രാമ പഞ്ചായത്തിൽ മോഷണം - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഫയൽ നം. എ3 2466/21

ഓഡിറ്റ് എൻക്വയറി നം.5 തിയ്യതി 16-11-22

ഓഡിറ്റ് എൻക്വയറി നം.15 തിയ്യതി 17-11-22

ഗ്രാമ പഞ്ചായത്ത് കാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന ₹ 11088- ജനകീയ ഹോട്ടലിൽ നിന്നും ₹ 400- എന്നിങ്ങനെ 24-6-'21 ന് മോഷണം മൂലം നഷ്ടപ്പെട്ടതായി ഓഡിറ്റ് എൻക്വയറി നം.5 ന് മറുപടി നൽകുകയുണ്ടായി. ഈ വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്നവിടങ്ങളിൽ കത്ത് നം.എ3 2466/21 തിയ്യതി 25-6-21 പ്രകാരം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

(എ ) പോലീസിൽ രേഖാമൂലം പരാതി നല്കിയത്/എഫ്. ഐ.ആർ എന്നിവയുടെ പകർപ്പുകൾ പോലീസ് വകുപ്പുമായി നടത്തിയ കത്തിടപാടുകൾ എന്നിവയുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ബി ) പണം മോഷണം പോയി എന്നാണ് ഫയൽ പരിശോധനയിൽ കണ്ടത്. എന്നാൽ രേഖകൾ ഉൾപ്പടെ മറ്റെന്തെങ്കിലും മോഷണശ്രമത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുള്ളതായി കാണുന്നില്ല.

(സി ) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 297 ന വിധേയമായി നഷ്ടം ശ്രദ്ധയിൽപ്പെട്ട ഉദ്യോഗസ്ഥൻ,ജനകീയ ഹോട്ടലുമായി ബന്ധപ്പെട്ടവർ എന്നിവർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗ്രാമപഞ്ചായത്ത് ഡയറക്ടറെയും മോഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കേണ്ടതുണ്ടായിരുന്നു. ഇക്കാര്യത്തിൽ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടുള്ളതായിക്കാ

ണുന്നില്ലായെന്നുമാത്രമല്ല മോഷണം/ നഷ്ടം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഡയറക്ടർക്ക് പ്രാഥമിക റിപ്പോർട്ട് തുടർന്ന് വിശദമായ റിപ്പോർട്ട് എന്നിവ നൽകിക്കാണുന്നുമില്ല.

മേൽക്കാര്യത്തിലുള്ള ഓഡിറ്റ് എൻക്വയറിക്കു നല്കിയ മറുപടി തൃപ്തികരമല്ല.

## 1-21 പ്രൊജക്ട് നം. 249/22 – അസറ്റ്/ റോഡ് മാപ്പിങ് പ്രൊജക്റ്റ് പൂർത്തികരിച്ചിട്ടില്ല.

വൗ.നം. 42തി.26-3-22 ₹ 42000-

(ഓഡിറ്റ് എൻക്വയറി നം.1തി. 14-11-22 )

റോഡ് കണക്റ്റിവിറ്റ് മാപ്പിങ് ഇനത്തിൽ വാർഡ് ഒന്നുക്ക് ₹ 3000- വീതം ആകെ ₹ 42000- ഓഡിറ്റ് കാലയളവിൽ ചെലവഴിച്ചിട്ടുണ്ട്.

അസറ്റ് റോഡ് മാപ്പിങ് പ്രൊജക്റ്റ് (ആർട്രാക്ക് ) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആർട്രാക്ക് പ്രൊജക്റ്റ് ചീഫ് എഞ്ചിനിയർ നല്കിയ നിർദേശങ്ങൾ താഴെ ചേർക്കുന്നതുപ്രാകാരമാണ്.

(1) മേൽപ്രകാരം പ്രൊജക്റ്റുമായി ബന്ധപ്പെട്ട് വാർഡ് ഒന്നുക്ക് പരമാവധി ₹ 3000- ചെലവഴിക്കാവുന്നതാണ്.

(2) റോഡുകൾ ആയതിന്റെ ഭാഗമായ സംരക്ഷണ ഭിത്തി, ഡ്രെയിനേജ്, കുളങ്ങൾ. കെട്ടിടങ്ങൾ എന്നിവ ട്രാക്ക് ചെയ്ത് ഡാറ്റ തയ്യാറാക്കേണ്ടതാണ്.

(3എ.) തയ്യാറാക്കിയ ഡാറ്റ അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ, എക്സി.എഞ്ചിനീയർ എന്നിവർ പരിശോധിച്ച് സാധൂകരണം നല്കണം.

(3ബി.) ഇപ്രകാരം സാധൂകരണം നല്കിയ റോഡുകളുടെയും മറ്റ് ആസ്തികളുടെയും പ്രിന്റ് ഔട്ട് കോപ്പി ബന്ധപ്പെട്ട വാർഡ് മെമ്പർക്ക് നല്കി കൂടിയാലോചന നടത്തണം.

( 4) മേൽപ്രകാരം നടപടികൾക്കു ശേഷം അസി.എഞ്ചിനീയർ അന്തിമമാക്കിയ ഡാറ്റ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കണം.

അസറ്റ് റോഡ് മാപ്പിങ് പൂർത്തികരിച്ചതിന് ഉപോൽബലകമായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ അസറ്റ് റോഡ് മാപ്പിങുമായി ബന്ധപ്പെട്ട് മുൻപ് പരാമർശിച്ച നിർദേശങ്ങളൊന്നും പാലിച്ചിട്ടില്ലാത്തതായും കാണുകയുണ്ടായി.

അസറ്റ്/ റോഡ് മാപ്പിങ് ഇനത്തിൽ വാർഡ് ഒന്നുക്ക് ₹ 3000- വീതം ചെലവഴിക്കുന്നതിനാണ് നിർദേശം ഉള്ളത്. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പിങിന് മാത്രം വാർഡ് ഒന്നുക്ക് ₹ 3000- വീതം ചെലവഴിച്ചതായാണ്

പരിശോധനയിൽ കണ്ടത്. മേൽപ്രൊജക്ടു നിർവഹണവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടി തൃപ്തികരമല്ല.

## 1-22 പ്രൊജക്ട്.നം.55/22 : അരങ്ങഴിക്കുളം ലക്ഷം വീട് കോളനി റോഡ് കാനനിർമാണം - കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ഇല്ല.

അടങ്കൽ :

₹4,75,000 - (മെയിന്റനൻസ് ഫണ്ട് )

₹ 1000 - (തനതു ഫണ്ട് )

ഭരണാനുമതി -1 (1) തീ. 23-2-21

സാങ്കേതികാനുമതി LSGD TS 21-22 31560 തി. 10-10-21

കരാർ നം.-50/AE LSGD/MGKGP/21-22 തി. 15-12-21

കരാറുകാരൻ -അനിൽകുമാർ വി.എം

പി.എ.സി. തുക ₹ 24,22,268.18

വൗ.നം. 82തി.26-3-22 ₹ 4,70,749-

അളവുപുസ്തകം 313/18-19, 54/18-19,35/19-20,89/19-20

( ഓഡിറ്റ് എൻക്വയറി നം.8തി. 16-11-22 )

മേൽപ്രകാരം പ്രൊജക്റ്റിൽ ഇനം 1 ആയി 90.962 ഘ.മീ മണ്ണ് കുഴിച്ചെടുക്കുകയുണ്ടായി. (അളവുപുസ്തകം പേജ് നം. 1,2,3,4 ) കുഴിച്ചെടുത്ത മണ്ണ് വിനിയോഗിക്കുന്നതിന് എസ്റ്റിമേറ്റിൽ ഇനങ്ങളൊന്നുമില്ല. കൂടാതെ കുഴിച്ചെടുത്ത മണ്ണ് മറ്റെതെങ്കിലും വിധത്തിൽ വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ ഇല്ലാത്തതുമാണ്.

കുഴിച്ചെടുത്ത മണ്ണ് നിലവിൽ സ്റ്റാക്ക് ചെയ്തതിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ആയത് ലേലം നടത്തി തുക മുതൽക്കൂട്ടേണ്ടതും വിവരം യഥാസമയം ഓഡിറ്റിന് നല്കേണ്ടതുമാണ്.

## 1-23 പ്രൊജക്ട്.നം.239/22 : കൊങ്ങൻപാറ എസ്.സി കോളനി ഡവലപ്പ്മെന്റ് ₹ 28066- കരാറുകാരന് അധികം നൽകി

പ്രൊജക്ട്.നം.239/22 : കൊങ്ങൻപാറ എസ്.സി കോളനി ഡവലപ്പ്മെന്റ് ₹ 28066- കരാറുകാരന് അധികം നൽകി

അടങ്കൽ : ₹7,50,000 - ( ജില്ലാ പഞ്ചായത്ത് വിഹിതം )

₹ 1000 - ( എസ്.സി.പി )

ഭരണാനുമതി -1 (1) തീ. 23-2-21

സാങ്കേതികാനുമതി LSGD TS 18-19 71322 തി. 19-11-18

കരാർ നം.-60/AE LSGD/MGKGP/21-22 തി. 14-2-22

കരാറുകാരൻ - അനൂപ് പി.മാത്യു

പി.എ.സി. തുക ₹ 6,34,222.03

വൗ.നം.73 തി.22-3-22 ₹ 7,30,246-

അളവുപുസ്തകം 135/20-1-21

ഓഡിറ്റ് എൻക്വയറി നം.11തി. 16-11-22

മേൽപ്രൊജക്റ്റിലെ ഇനം 2, 3 എന്നിവക്ക് കരാറുകാരൻ ക്വാട്ട് ചെയ്തതിൽ നിന്നും വ്യത്യസ്ത നിരക്ക് അനുവദിച്ച് ₹ 28066- അധികം നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം/ സ്പെസി.കോഡ് 1 | പ്രവൃത്തിചെയ്ത (പരിമിതപ്പെടുത്തിയ) അളവ് അളവുപുസ്തകം നം./പേജ് നം. 2 | കരാറുകാരന് നല്കിയ നിരക്ക് 3 | ചെലവ് ചെയ്ത തുക 4 | കരാറുകാരൻ ക്വാട്ട് ചെയ്തത നിരക്ക് 5 | അനുവദിക്കാവുന്ന തുക 6 | കരാറുകാരന് അധികം നല്കിയത് 7(4-6 ) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2/4.11.2 Sub Base/base Construction | 27.838 135/20-21 പേജ് നം.12 | 1835- | 51082.73 | 1831- | 50971.38 | 111.35 |
| 3/75.8.1 Providing Pcc For Road Work 1:2:4 | 86.025 135/20-21 പേജ് നം.12 | 6790- | 584109.75 | 6500- | 559162.50 | 24947.25 |
| | | | | | | 25058.60 |
| GST 12 % | | | | | | 3007.03 |
| ആകെ | | | | | | 28065.63 |

ആകെ അധികം നല്കിയ ₹ 28066- ഈടാക്കി സംസ്ഥാന സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.

## 1-24 പ്രൊജക്റ്റ്.നം.30/22 : മാതൃകാ എസ്.സി കോളനി പുനരുദ്ധാരണം

പ്രൊജക്റ്റ്.നം.30/22 : മാതൃകാ എസ്.സി കോളനി പുനരുദ്ധാരണം

അടങ്കൽ :1

₹5,40,397 - ( എസ്.സി )

₹ 2,00,000 - ( ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് )

ഭരണാനുമതി -1 (1) തീ. 23-2-21

സാങ്കേതികാനുമതി LSGD TS 21-22 103584 തി. 5-1-22

കരാർ നം.-69/AE LSGD/MGKGP/21-22 തി. 21-2-22

കരാറുകാരൻ -അബ്ദുൾഖാദർ

പി.എ.സി. തുക ₹ 5,96,221.01

വൗ.നം. 89തി.30-3-22 ₹ 2,00,000-

വൗ.നം. 96തി.30-3-22 ₹ 4,89,531-

അളവുപുസ്തകം 126/20-21, 15/21-22

( ഓഡിറ്റ് എൻക്വയറി നം.10, തിയതി. 16-11-22 )

വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന ഉൾപ്പടെ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി നല്കുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ സ.ഉ. 8/2018 ധന. തി.15-1-18 പ്രകാരം നല്കിയിട്ടുണ്ട്. ഇതനുസരിച്ച് സാങ്കേതികാനുമതി ലഭിച്ചതിലും 10% വിവിധ ഇനങ്ങളിൽ അളവ് അധികരിച്ച് വരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യങ്ങൾ സ.ഉ. 54/2019 ധന. തി.4-5-'19 ലും വീണ്ടും ആവർത്തിച്ച് ഉത്തരവായിട്ടുള്ളതാണ്.

മേൽപ്രകാരം പ്രൊജക്റ്റുമായി ബന്ധപ്പെട്ട് വിവധയിനങ്ങളിൽ സാങ്കേതികാനുമതി ലഭിച്ചതിലും 100% അധിലധികവും വിവധയിനങ്ങൾ ചെയ്ത പ്രവൃത്തിയുടെ അളവ് വർധിച്ചിട്ടുള്ളതായി താഴെ ചേർക്കുന്നതു പ്രകാരം പരിശോധനയിൽ കണ്ടു.

| ഇനം | സാങ്കേതികാനുമതി ലഭിച്ച അളവ് | ചെയ്ത അളവ് | അളവ് അധികരിച്ചതിന്റെ ശതമാനം |
|---|---|---|---|
| 3 | 7.5 ഘ.മീ | 14.53 ഘ.മീ | 194% |
| 5 | 6.75 ഘ.മീ | 13.871 ഘ.മീ | 205% |
| 7 | 58.181 ച.മീ | 165.34ച.മീ | 284% |
| 11 | 504 ച.മീ | 783 ച.മീ | 155% |
| 12 | 564ച.മീ | 813 ച.മീ | 144% |
| 13 | 564 ച.മീ | 813ച.മീ | 144% |

ഇക്കാര്യത്തിൽ നല്കിയ മറുപടി തൃപ്തികരമല്ല. സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രൊജ.നം.239/22 : കൊങ്ങൻപാറ എസ്.സി കോളനി ഡവലപ്പ്മെന്റ് ₹ 28066- കരാറുകാരന് അധികം നൽകി

അടങ്കൽ :

₹7,50,000 - ( ജില്ലാ പഞ്ചായത്ത് വിഹിതം )

₹ 1000 - ( എസ്.സി.പി )

ഭരണാനുമതി -1 (1) തീ. 23-2-21

സാങ്കേതികാനുമതി LSGD TS 18-19 71322 തി. 19-11-18

കരാർ നം.-60/AE LSGD/MGKGP/21-22 തി. 14-2-22

കരാറുകാരൻ - അനൂപ് പി.മാത്യു

പി.എ.സി. തുക ₹ 6,34,222.03

വൗ.നം.73 തി.22-3-22 ₹ 7,30,246-

അളവുപുസ്തകം 135/20-1-21

( ഓഡിറ്റ് എൻക്വയറി നം.11തി. 16-11-22

മേൽപ്രൊജക്റ്റിലെ ഇനം 2, 3 എന്നിവക്ക് കരാറുകാരൻ ക്വാട്ട് ചെയ്തതിൽ നിന്നും വ്യത്യസ്ത നിരക്ക് അനുവദിച്ച് ₹ 28066- അധികം നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം/സ്പെസി.കോഡ്<br>1 | പ്രവൃത്തിചെയ്ത (പരിമിതപ്പെടുത്തിയ )അളവ് അളവുപുസ്തകം നം./പേജ് നം.<br>2 | കരാറുകാരന് നല്കിയ നിരക്ക്<br>3 | ചെലവു ചെയ്ത തുക<br>4 | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്<br>5 | അനുവദിക്കാവുന്ന തുക<br>6 | കരാറുകാരന് അധികം നല്കിയത്<br>7(4-6 ) |
|---|---|---|---|---|---|---|
| 2/4.11.2<br>Sub Base/base Construction | 27.838<br>135/20-21<br>പേജ് നം.12 | 1835- | 51082.73 | 1831- | 50971.38 | 111.35 |
| 3/75.8.1<br>Providing Pcc For Road Work 1:2:4 | 86.025<br>135/20-21<br>പേജ് നം.12 | 6790- | 584109.75 | 6500- | 559162.50 | 24947.25 |
| | | | | | | 25058.60 |
| GST 12 % | | | | | | 3007.03 |
| ആകെ | | | | | | 28065.63 |

ആകെ അധികം നല്കിയ ₹ 28066- ഈടാക്കി സംസ്ഥാന സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പുഴയ്ക്കൽ | 20000 | 100/22 ജനകീയ ഹോട്ടൽ | 20000 | 0 |
| തൃശ്ശൂർ കോർപ്പറേഷൻ | 388741 | 190/22 പൊതു ടൊയലറ്റുകളും വിശ്രമകേന്ദ്രങ്ങളും | 388741 | 0 |
| തൃശ്ശൂർ കോർപ്പറേഷൻ | 911258 | 190/22 പൊതു ടൊയലറ്റുകളും വിശ്രമകേന്ദ്രങ്ങളും | 911258 | 0 |
| ജില്ലാ പഞ്ചായത്ത് | 10000 | 100/22 ജനകീയ ഹോട്ടൽ | 10000 | |
| ജില്ലാ പഞ്ചായത്ത് | 50000 | 95/22 പെയിൻ & പാലിയേറ്റീവ് | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | 117/22 ഭിന്നശേഷികാർക്ക് ഉപകരണങ്ങൾ | 100000 | |

സംയുക്തപ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ചതുകയുടെ വിവരങ്ങളാണ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്, ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B4ലെ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ഇനങ്ങളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടില്ലാത്തതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ടിന്റെ പേരുവിവരം | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | 157/22വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | 367979 | 0 | 367979 |
| ഭൂജല വകുപ്പ് | 160/22അത്തേക്കാട് കുടിവെള്ള പദ്ധതി | 100000 | 0 | 100000 |
| ഭൂജല വകുപ്പ് | 159/22കൈയ്യങ്ങാടി കുടിവെള്ള പദ്ധതി | 98210 | 0 | 98210 |
| ഭൂജല വകുപ്പ് | 220/22ശങ്കരൻചിറ കുടിവെള്ള പദ്ധതി | 110000 | 0 | 110000 |
| ഭൂജല വകുപ്പ് | 241/22ഗ്രാമല കുടിവെള്ള പദ്ധതി | 114000 | 0 | 114000 |
| അനെർട്ട് | 109/22പഞ്ചായത്ത് ഓഫീസ് സോളാർ സിസ്റ്റം സ്ഥാപിക്കൽ | 486200 | 0 | 486200 |

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 255/22തളിയൻ പാറ കുടിവെള്ള പദ്ധതി | 289300 | 0 | 289300 |
| കെഎസ്.ഇ.ബി | 155/22സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 133753 | 0 | 133753 |
| കെഎസ്.ഇ.ബി | 156/22ഗതാഗതത്തിന് തടസ്സം നിൽക്കുന്ന പോസ്റ്റ് മാറ്റൽ | 66284 | 0 | 66284 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.കെ. നായനാർ ഭവന പദ്ധതി-തൃശ്ശൂർ ജില്ലാ സഹ. ബാങ്ക് | സ.ഉ.(എം.എസ്)83/13 /ത.സ്വ.ഭ.വ. തി:11-03-13 | 1,34,00,000 | 4288750+412953 =(പലിശ)-4701703 | 1912161 | 87839+8083 (ക്രെഡിറ്റ് റീപേയ്മെന്റ്) | 2693620 |
| HUDCO (ലൈഫ്) | | 1487297 | 871297 | 352000 | | 519297 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല തുപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 2.3ബി | 200 | പി വി സാബു, സെക്രട്ടറി | 12102010174 1/6.11.21 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.3 | 2016-17 | | ചാർലി.സി.എൽ. ചെമ്മണ്ണൂർ പോളിമർ പ്രോഡക്സ്, ജോളി.സി.എൽ. ചെമ്മണ്ണൂർ പോളി പ്രോഡക്സ് എന്നീ സ്ഥാപനങ്ങളുടെ 2014-15 ഒന്നും, രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കാത്ത് സംബന്ധിച്ച് | രശീതി നം. 11602102968/11-01-17:- ₹17,934/- , 11602103116/27-01-17:- ₹864/-, 11602103117/ 27-01-17:- ₹936/-, ആകെ ₹19,734/-ഈടാക്കി |
| 2015-16 | 2.7 | 2016-17 | | ഉത്സവബത്ത, ലീവ് സറണ്ടർ, അടിസ്ഥാന ശമ്പളം,ഡി.എ. മറ്റ് അലവൻസുകൾ എന്നിവ ഉൾപ്പെടുത്തി മൊത്ത വരുമാനം രേഖപ്പെടുത്തി തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കാത്ത് സംബന്ധിച്ച് | |
| 2015-16 | 2.7 | 2016-17 | | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി., ഹൈദ്രാബാദ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ 2015-16 ഒന്നാം അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | |
| 2015-16 | 2.7 | 2016-17 | | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് | |

| | | | | സംബന്ധിച്ച് | |
|---|---|---|---|---|---|

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89085898 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89440811 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28066 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2884573 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 28066 | ശ്രീന.എസ്.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 2601573 | മിനി വി,സെക്രട്ടറി |
| 1-19 | 283000 | മിനി വി, സെക്രട്ടറി |
| ആകെ | 2884573 | ശ്രീന. എസ്. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 3-1 | 28066 | ശ്രീന. എസ്. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീന.എസ്.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ, മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല | ശ്രീന.എസ്.എൻ, E1, അളകനന്ദ റസിഡൻസി, അയ്യന്തോൾ, ചുങ്കം തൃശ്ശൂർ ജില്ല |

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1-18 | 2601573 | മിനി.വി, സെക്രട്ടറി | സെക്രട്ടറി,മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | ഗീത ഭവൻ,അരവൂർ,മുണ്ടത്തിക്കോട് വെസ്റ്റ്, തൃശ്ശൂർ |
| 1-19 | 283000 | മിനി.വി, സെക്രട്ടറി | സെക്രട്ടറി,മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | ഗീത ഭവൻ,അരവൂർ,മുണ്ടത്തിക്കോട് വെസ്റ്റ്, തൃശ്ശൂർ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | LFT.21-1277/98 തി.29.5.99/ 7.7.99 | 38(3) | 1 | CARൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2 | 1998-99 | LFT.21-748/2000 തി.4.9.2000/ 10.10.2000 | 46,47,48,49,50, 54(എ,ബി),56, 69,73,88,100 | 11 | സർചാർജ്ജ് നോട്ടീസ്- 46,47,48,49,50, 54(എ,ബി), 56,69<br>സർചാർജ്ജ് സർട്ടിഫിക്കറ്റ്-73<br>Case-88, 100 |
| 3 | 2000-01 | LFT.12-236/04 തി.12.10.04/ 11.03.15 | 8,9 | 2 | CAR-8,9 |
| 4 | 2002-03 | LFT.12-349/05 തി.21.12.05/ 7.2.06 | 3-14(1,2,3) 3-17 | 2 | ഖ-3-14(1,2,3)<br>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 5 | 2004-05 | LFT.12-2358/08 തി.23.6.2010 | 3-6 | 1 | |
| 6 | 2005-06 | LFT.12-2359/08 തി.23.6.2010 | 3-3, 3-8, 3-9, 3-10, 3-11 | 5 | |
| 7 | 2006-07 | LFT.12-2360/08 തി.23.06.2010 | 3-6, 3-7, 3-9, 3-10, 3-11 | 5 | |
| 8 | 2007-08 | LFT.12-947/10 തി.19.2.11 | 2-2(എ), 3-3, 3-4 | 3 | |
| 9 | 2008-09 | LFT.12-948/10 തി.19.2.11 | 3-4, 3-5, 3-7 | 3 | |
| 10 | 2009-10 | LFT.P6-1606/11 തി.25.1.12/ 18.5.12 | 2-1, 3-9 | 2 | |
| 11 | 2010-11 | LFT.P3-2256/2012 | 3-12 | 1 | |

| | | | | | |
|---|---|---|---|---|---|
| | | തി.8.3.13/ 12.6.13 | | | |
| 12 | 2011-12 | LFT.P3-1555/13 തി.4.3.14 | 2-4, 3-12 | 2 | |
| 13 | 2012-13 | LFT.P3-998/14 തി.9.1.15 | 2-4(ബി)(1), 3-10(എ)(2), 3-23(1), 3-23(2), 3-23(3) | 3 | CAR-3-23(1), 3-23(2), 3-23(3) |
| 14 | 2013-14 | KSATSR (P3)-569/15 തി.7.9.15/ 15.10.15 | 2-3(3), 3-4 | 2 | |
| 15 | 2014-15 | KSATSR (P3)-874/16 തി.1.6.16 | 2-3 | 1 | CAR-ൽ ഉൾപ്പെട്ടിട്ടുണ്ട് |
| 16 | 2015-16 | KSATSR (P3)-1642/16 തി.26.9.16/ 14.11.16 | 2-7, 2-14, 3-7, 3-12, 3-14 | 5 | 2-7 CAR<br>2-14 Case |
| 17 | 2016-17 | KSATSR (P3)-1426/2017 തി.14.9.17 | 3-6, 3-8, 3-13, 3-14 | 4 | |
| 18 | 2017-18 | KSATSR (P3)-1769/2018 തി.15.12.18 | 2-2, 2-3(എ,ബി) 2-4(എ,ബി,സി) 3-2, 3-6, 3-12, 3-13, 3-16, 3-20, 3-24, 3-28 | 11 | |
| | 2018-19 | KSATSR (P6)-379/2020 തി.05.10.2020 | 1-11<br>1-12<br>1-13<br>1-14<br>1-15<br>1-16<br>1-17<br>1-18<br>1-19<br>1-22<br>4-5 | 11 | |
| | 2019-20 | KSATSR (P6)-1214/2021 തി.15.3.2022 | 1-11<br>1-12<br>1-13<br>1-14<br>1-15<br>1-16 | 32 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 1-17<br>1-18<br>1-19<br>1-20<br>1-21<br>1-22<br>1-23<br>1-24<br>1-25<br>1-26<br>1-27<br>1-28<br>1-29<br>1-30<br>1-31<br>1-32<br>1-33<br>1-34<br>1-35<br>1-36<br>1-37<br>1-38<br>1-39<br>2-1<br>3-1<br>3-2 | | | | |
| | | 2020-21 | KSATSR (P6)-1215/2021 തി.15.3.2022 | 1-11<br>1-12<br>1-13<br>1-14<br>1-15<br>1-16<br>1-17<br>1-18<br>1-19<br>1-20<br>1-21<br>1-22<br>1-23<br>1-24<br>1-25<br>1-26<br>1-27<br>1-28<br>1-29<br>1-30<br>1-31<br>1-32<br>1-33<br>1-34 | 35 | | | |

| | | | | | |
|---|---|---|---|---|---|
| | | | 1-35 | | |
| | | | 1-36 | | |
| | | | 1-37 | | |
| | | | 1-38 | | |
| | | | 1-39 | | |
| | | | 1-40 | | |
| | | | 1-41 | | |
| | | | 1-42 | | |
| | | | 3-1 | | |
| | | | 3-2 | | |
| | | | 3-3 | | |
| | ആകെ | | | 142 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്